# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 456 - 28/02/2017 -ലെ മറുപടിക്ക്

## ധനകാര്യ അസ്ഥിരത സംബന്ധിച്ച് സി ആന്റ് എ.ജി.യുടെ വെളിപ്പെടുത്തൽ

**ചോദ്യം** **ഉത്തരം**

ശ്രീ . ഷാഫി പറമ്പിൽ

ഡോ. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

<table>
<tr><th colspan="2">ചോദ്യം</th><th>ഉത്തരം</th></tr>
<tr><td>എ.</td><td>സംസ്ഥാനം ധനകാര്യ അസ്ഥിരതയിലാ ണെന്ന സി ആന്റ് എ.ജി.യുടെ വെളിപ്പെടുത്തലിനോട് യോജിക്കുന്നുണ്ടോ; ആയതിൻമേലുള്ള നിലപാട് വ്യക്തമാക്കാമോ;</td><td>ശ്രദ്ധയിൽപ്പെട്ടിട്ടില്ല.</td></tr>
<tr><td>ബി</td><td>2016 മാർച്ച് 31ലെ കണക്കനുസരിച്ച് സംസ്ഥാന വരുമാനത്തിന്റെ എത്ര ശതമാനമായിരുന്നു കടബാദ്ധ്യത; ഇതിന്റെ തോത് ഇപ്പോൾ എത്ര ശതമാനമായി കുറയുകയുണ്ടായി എന്നും വ്യക്തമാക്കാമോ;</td><td>2016 മാർച്ച് 31ലെ കണക്കനുസരിച്ച് സംസ്ഥാനത്തിന്റെ കടബാദ്ധ്യത റവന്യൂ വരുമാനത്തിന്റെ 227.96 ശതമാനമായിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കനുസരിച്ച് ഇത് 31.12.2016ൽ 345.77 ശതമാനമാണ്.</td></tr>
<tr><td>സി</td><td>സംസ്ഥാനത്തിന്റെ കടബാദ്ധ്യതയും വരുമാനവും തമ്മിലുള്ള തോത് 2010-11 മുതൽ 2014-15 വരെയുള്ള വർഷങ്ങളിൽ എത്ര ശതമാനം വീതമായിരുന്നു എന്ന് വ്യക്തമാക്കാമോ;</td><td>2010-11 മുതൽ 2014-15വരെയുള്ള സംസ്ഥാനത്തിന്റെ കടബാദ്ധ്യതയും റവന്യൂ വരുമാനവും തമ്മിലുള്ള അനുപാതം ചുവടെ ചേർക്കുന്നു.<br>(ശതമാനത്തിൽ)
<table>
<tr><th></th><th>2010-11</th><th>2011-12</th><th>2012-13</th><th>2013-14</th><th>2014-15</th></tr>
<tr><td>കടബാദ്ധ്യത / റവന്യൂ വരുമാന അനുപാതം</td><td>253.86</td><td>235.25</td><td>234.63</td><td>242.00</td><td>233.72</td></tr>
</table></td></tr>
<tr><td>ഡി</td><td>ധന ഉത്തരവാദിത്ത നിയമപ്രകാരം കടബാദ്ധ്യതകൾ സംസ്ഥാന വരുമാനത്തിന്റെ എത്ര ശതമാനം വരെയാകാം; സംസ്ഥാനത്തിന്റെ കടബാദ്ധ്യത ഇപ്പോൾ നിയന്ത്രണവിധേയമാണോ; വിശദമാക്കുമോ?</td><td>13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം കടബാദ്ധ്യത സംസ്ഥാന റവന്യൂ വരുമാനത്തിന്റെ 300 ശതമാനത്തിനുള്ളിൽ നിർത്തേണ്ടതുണ്ട്. 2015-16ൽ സംസ്ഥാനത്തിന്റെ കടബാദ്ധ്യത റവന്യൂ വരുമാനത്തിന്റെ 227.97 ശതമാനമായി നിലനിർത്താൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ധന ഉത്തരവാദിത്ത നിയമപ്രകാരം 2015-16ൽ കടബാദ്ധ്യത ജി.എസ്.ടി.പി യുടെ 31.34 ശതമാനത്തിൽ നിർത്തേണ്ടതുണ്ട്. 2015-16ലെ യഥാർത്ഥ കണക്കനുസരിച്ച് കടബാദ്ധ്യത ജി.എസ്.ടി.പിയുടെ 26.75 ശതമാനമായി കുറച്ചു കൊണ്ടുവരുവാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്.</td></tr>
</table>

Sreekumar

**സെക്ഷൻ ഓഫീസർ**